# ക്രസന്റ് റസിഡൻഷ്യൽ ഹയർ സെക്കൻഡറി ജേതാക്കൾ

കോഴിക്കോട് അഴ്സണൽ - ടാറ്റാ ടീ സോക്കർ സ്റ്റാർസ് സംസ്ഥാന സ്കൂൾ ടൂർണമെന്റിൽ വെളിമുക്ക് ക്രസന്റ് റസിഡൻഷ്യൽ ഹയർ സെക്കൻഡറി സ്കൂൾ ജേതാക്കളായി. രണ്ടിനെതിരെ മൂന്ന് ഗോളിനാണ് ഈങ്ങാപ്പുഴ എംജിഎം ഹയർ സെക്കൻഡറി സ്കൂളിനെ പരാജയപ്പെടുത്തിയത്. ഇരു ടീമിനെയും കൊൽക്കത്തയിൽ നടക്കുന്ന ഇന്റർസോൺ മത്സരത്തിൽ പങ്കെടുപ്പിക്കും. മികച്ച പ്രകടനം കാഴ്ചവെച്ച വെളിമുക്ക് ക്രസന്റ് റസിഡൻഷ്യൽ എച്ച്എസ്എസിലെ സജീർ, മലപ്പുറം എംഎസ്പി എച്ച്എസ്എസിലെ സമീർ, ഹിമായത്തുൽ ഇസ്ലാം എച്ച്എസ്എസിലെ അഷ്റഫ് എന്നിവരെ ദേശീയ ക്യാമ്പിലേക്ക് തെരഞ്ഞെടുത്തു. വിജയികൾക്ക് മുൻ ഇന്ത്യൻതാരം കെ പി സേതുമാധവൻ സമ്മാനം നൽകി.